"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭയിൽ ഗാർഡനറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.എൽ.ഗോപിയുടെ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്ത കാലയളവ് നോൺ-ഡ്യൂട്ടിയായി ക്രമീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1352/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 14/07/2020

---

പരാമർശം:- 1) തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറിയുടെ 14/10/2015 തീയതിയിലെ ജിസി2/116701/14 നമ്പർ ഉത്തരവ് നടപടികൾ.

2) തിരുവനന്തപുരം നഗരസഭാ കൗൺസിലിന്റെ 18/11/2016 തീയതിയിലെ 1 -ാം നമ്പർ തീരുമാനം.

3) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 10/01/2017 തീയതിയിലെ കെ.എസ്.എ 799/ടിവിസി 11/2016 നമ്പർ കത്ത്.

4) ശ്രീ.എൽ.ഗോപിയുടെ 23/05/2017, 30/01/2018 തീയതികളിലെ അവധി അപേക്ഷകൾ.

5) തിരുവനന്തപുരം നഗരസഭാ അഡീഷണൽ സെക്രട്ടറിയുടെ 19/01/2017, 16/05/2018, 16/11/2019 തീയതികളിലെ ജിസി2/147773/15 നമ്പർ കത്തുകൾ.

6) നഗരകാര്യ ഡയറക്ടറുടെ 16/06/2018, 14/12/2018, 26/02/2020 തീയതികളിലെ ഇ2-2895/17 നമ്പർ കത്തുകൾ.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിൽ ഗാർഡനറായിരുന്ന ശ്രീ.എൽ.ഗോപി സേവനത്തിലിരിക്കെ 01/01/2006 മുതൽ 17/11/2009 വരെയും, 01/09/2011 മുതൽ 16/10/2015 വരെയും അനുമതിയില്ലാതെ ജോലിയ്ക്ക് ഹാജരാകാതെയിരുന്നിട്ടുണ്ടെന്നും 30/11/2015 ൽ വിരമിക്കേണ്ട ടിയാന്റെ അപേക്ഷ പരിഗണിച്ചും മാനുഷിക പരിഗണന നൽകിയും ടിയാനെ 17/10/2015 ൽ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുള്ളതാണെന്നും ടിയാനെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടില്ലെന്നും ടിയാനെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ച നഗരസഭയുടെ നടപടിയ്ക്ക് സർക്കാർ അനുമതി ലഭിക്കേണ്ടതുണ്ടെന്ന് പരാമർശം (3) പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും ശ്രീ.എൽ.ഗോപിയെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ച നഗരസഭയുടെ നടപടി അംഗീകരിക്കുന്നതിനും ടിയാൻ ജോലിയ്ക്ക് ഹാജരാകാത്ത കാലയളവ് ശൂന്യവേതനാവധിയായി ക്രമവൽക്കരിക്കുന്നതിനുള്ള അനുമതിയും നൽകുന്നതിനായി പരാമർശം (4) പ്രകാരമുള്ള ശ്രീ.എൽ.ഗോപിയുടെ അവധി അപേക്ഷ ശിപാർശ ചെയ്ത് നഗരകാര്യ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടി കേസിൽ ശ്രീ.എൽ.ഗോപിക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടില്ല. നഗരസഭയിലെ മുനിസിപ്പൽ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് കെ.എസ്.ആർ പ്രകാരമുള്ള അവധി ചട്ടങ്ങൾ ബാധകമല്ല. അവർക്ക് പ്രത്യേക അവധി ചട്ടം രൂപീകരിച്ചിട്ടുമില്ല. കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിച്ച് കൊണ്ടുള്ള 17/08/2016 ലെ സ.ഉ.(എംഎസ്) നം.118/2016/തസ്വഭവ ഉത്തരവ് പ്രകാരം ടി ജീവനക്കാർക്ക് ആർജ്ജിതാവധി, അർദ്ധവേതനാവധി, മെറ്റേണിറ്റി ലീവ്, ഹിസ്റ്ററെക്ടമി ( hysterectomy ) ലീവ്, സ്പെഷ്യൽ ഡിസെബിലിറ്റി ലീവ്, പെറ്റേണിറ്റി ലീവ് എന്നിവ അനുവദിച്ചിട്ടുണ്ട്. എന്നാൽ ശൂന്യവേതനാവധി അനുവദിച്ചിട്ടില്ല.

3) മേൽ സാഹചര്യത്തിൽ തിരുവനന്തപുരം നഗരസഭയിൽ ഗാർഡനറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.എൽ.ഗോപി അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 01/01/2006 മുതൽ 17/11/2009 വരെയും, 01/09/2011 മുതൽ 16/10/2015 വരെയുമുള്ള കാലയളവ് മുൻകാലസർവ്വീസ് നഷ്ടമാകാത്ത വിധം നോൺ - ഡ്യൂട്ടിയായി ക്രമീകരിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
അണ്ടർ സെക്രട്ടറി

പകർപ്പ് :-

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ